നം.എൽ.എഫ്.പി.9.2259/2014

ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ

ഡെപ്യൂട്ടി ഡയറക്ടറുടെ ജില്ലാ കാര്യാലയം,

പാലക്കാട് , ഫോൺ: 0491 2520145,

ഇ മെയിൽ: auditlfdopkd@gmail.com

തിയതി : 5.2.2015

ഡെപ്യൂട്ടി ഡയറക്ടർ

ലോക്കൽ ഫണ്ട് ഓഡിറ്റ്,

പാലക്കാട്

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),

കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : കാഞ്ഞിരപ്പുഴഗ്രാമപഞ്ചായത്ത് -2012-13 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്.

1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം പതിമൂന്നാം വകുപ്പ്, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) ഇവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞിരപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2012-13 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധനാഫലമായുളള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുളള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2,3 എന്നീ ഭാഗങ്ങളിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും -ചട്ടങ്ങൾ 14,15). ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭയിൽ ചർച്ച ചെയ്യേണ്ടതും അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ശേഖരിക്കേണ്ടതുമാണ് [പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3(എ)(3)]

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുളളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ

ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20,23, 1997ലെ കേരളാ പഞ്ചായത്ത് രാജ് -പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും- ചട്ടം 21(1), (2) കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്ര സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. പെർഫോമൻസ് ഓഡിറ്റ് ഓഫീസർ (അസി. ഡയറക്ടർ ഓഫ് പഞ്ചായത്ത്.
4. ഓഫീസ് കോപ്പി

എൽ.എഫ്.പി9.2259/2014

ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ

ഡെപ്യൂട്ടി ഡയറക്ടറുടെ ജില്ലാ കാര്യാലയം,

പാലക്കാട് തിയതി : 5.2.2015

പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2012-13 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം പതിമൂന്നാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	മേരി ബന്ന തിയോഫിലസ്, ഡെപ്യൂട്ടി ഡയറക്ടർ
അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ നടത്തി സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം	എൽ.എഫ്.പി21-1989/13 (18) തിയതി, 23.11.2013 പ്രകാരം വിശേഷണങ്ങളോട്ടു കൂടിയ സാക്ഷ്യപത്രം അനുവദിച്ചിട്ടുണ്ട്.

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

കാഞ്ഞിരപ്പുഴഗ്രാമ പഞ്ചായത്തിന്റെ 2012-13 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിൻറനൻസ് ഗ്രാൻറ് , കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കി.

കാഞ്ഞിരപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 23.1.2014 മുതൽ 22.10.2014 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് വിനിയോഗിച്ച സമയം	ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തികയും
23.10.2014 മുതൽ 31.10.2014 വരെ	എസ്.പ്രേമാനന്ദ് - ഓഡിറ്റ് ഓഫീസർ വി.ടി.ഉഷാകുമാരി-സീനിയർ ഗ്രേഡ് ഓഡിറ്റർ എസ്.ശബ്ബദാസ് - ഓഡിറ്റർ പി.സുജാത- ഓഡിറ്റർ ട്രെയിനി

നിർവഹണാധികാരികൾ

പ്രസിഡൻറ്

പേര്	കാലയളവ്
ശ്രീമതി. സീനാജോസഫ്	1.4.12 മുതൽ 31.3.13 വരെ

സെക്രട്ടറി

പേര്	കാലയളവ്
ശ്രീ. എ.ഉണ്ണികൃഷ്ണൻ	1.4.12 മുതൽ 23.5.12 വരെ
ശ്രീമതി. ശോഭന.പി. - എച്ച്.സി (ഇൻചാർജ്)	24.5.12 മുതൽ 3.7.12 വരെ
ശ്രീ. ടി.വിജയകുമാരൻ	4.7.12 മുതൽ 18.7.12 വരെ
ശ്രീ.എ.ഉണ്ണികൃഷ്ണൻ	19.7.12 മുതൽ 31.3.12 വരെ

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിട്ടുള്ള വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്

ഭാഗം 1 : പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദേശങ്ങളും

ഭാഗം 2 : വരവ് കണക്കുകളുടെ ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീത് പരിശോധനയിലും പഞ്ചായത്തിന്റെ വരവിനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ , ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ

ഭാഗം 3 : ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ , ഓഡിറ്റ് ശുപാർശകൾ .

ഭാഗം 4 : ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില , ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

ഭാഗം -1

പൊതു അവലോകനം

പൊതു അവലോകനം

1-1 പൊതുഅവലോകനം

പൊതു വിവരങ്ങൾ

വിസ്തീർണ്ണം	58.24 ച.കി.മീ.
വാർഡുകൾ	19
ജനസംഖ്യ	32999
പുരുഷൻ	15895
സ്ത്രീ	17104
പട്ടികജാതി	3666
പട്ടികവർഗ്ഗം	562
ബ്ലോക്ക്	മണ്ണാർക്കാട്
നിയമസഭാ മണ്ഡലം	കോങ്ങാട്
താലൂക്ക്	മണ്ണാർക്കാട്

ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

ബഡ്ജറ്റ് അംഗീകരിച്ച തിയതി	മുന്നിരിപ്പ്	പ്രതീക്ഷിത വരവ്	ആകെ	പ്രതീക്ഷിത ചെലവ്	നീക്കിയിരിപ്പ്
29.3.12 തീരുമാനം 1	9770566	81538000	91308566	82230000	9078566

ബഡ്ജറ്റ് പ്രകാരമുള്ള വരവു -ചെലവും യഥാർത്ഥ വരവു -ചെലവും -വിലയിരുത്തൽ

ബജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും തമ്മിൽ 12901627/- രൂപയുടെയും ബജറ്റ് പ്രകാരമുള്ള ചെലവും യഥാർത്ഥ ചെലവും തമ്മിൽ 18795537/- രൂപയുടെയും വ്യത്യാസമുണ്ട്. യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന വിധത്തിൽ കൃത്യമായ സാമ്പത്തിക ആസൂത്രണത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വാർഷിക കണക്ക് സമർപ്പിച്ചതിന്റെ വിവരം

പഞ്ചായത്ത് ഭരണ സമിതിയുടെ 10.6.13ലെ നാലാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച വാർഷിക ധനകാര്യ പത്രിക എ1-7132/13 നമ്പർ കത്ത് പ്രകാരം 11.7.2013ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്.

പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനം

പ്രൊജക്ടുകളുടെ വിശദാംശം

മേഖല	അംഗീകരിച്ച പ്രൊജക്ടുകളുടെ എണ്ണം	ആകെ അടങ്കൽ	നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം	ചെലവ്	ചെലവു ശതമാനം
ഉൽപാദനം	8	3492436	6	1246224	35.68%
സേവനം	86	23491813	68	17169065	73.09%
പശ്ചാത്തലം	144	12002732	131	11099806	92.48%
മേഖലാ വിഭജനത്തിൽ പെടാത്തവ	---	---	---	---	---
ആകെ	238	38986981	205	29515095	75.71%

ഉത്പാദന മേഖലയിൽ വകയിരുത്തുന്ന തുക പരമാവധി ചെലവഴിക്കാവുന്ന വിധത്തിൽ സമയ ബന്ധിതമായി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതും മോണിറ്ററിംഗ് ശക്തിപ്പെടുത്തേണ്ടതും ആണ്.

വിവിധ ഫണ്ടുകളുടെ വിനിയോഗം വിലയിരുത്തൽ

പദ്ധതി ഫണ്ട്

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	ചെലവു ശതമാനം
സാധാരണ വിഹിതം	158328	8078960	8237288	7141729	86.70%
ധനകാര്യ കമ്മീഷൻ ഗ്രാന്റ്	6809	5286236	5293045	3565803	67.37%
ലോകബാങ്ക് സഹായം	360687	3051000	3411687	3269812	95.84%
പ്രത്യേക ഗ്രാന്റ്	---	---	---	---	---
എസ്.സി.പി.	1234334	5275000	6509334	4758826	73.11%
ടി.എസ്.പി.	275712	1026000	1301712	1036000	79.59%
ആകെ	2035870	22717196	24753066	19772170	79.88%

മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം

	2012-13	

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	ചെലവു ശതമാനം
റോഡ്	703256	4043000	4746256	4425430	93.24%
റോഡിതരം	685825	2411000	3096825	2686426	86.75%
ആകെ	1389081	6454000	7843081	7111856	90.68%

തനതു ഫണ്ടിൽ നിന്നുളള പദ്ധതി ചെലവ്

അംഗീകരിച്ച പ്രൊജക്ടുകളുടെ എണ്ണം	ആകെ അടങ്കൽ	നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം	ചെലവ്	ചെലവു ശതമാനം
35	2096614	24	1226666	58.51%

കേന്ദ്രാവിഷ്കൃത പദ്ധതികൾ

ഇനം	2012-13		
	വരവ് മുന്നിരിപ്പ് ഉൾപ്പെടെ	ചെലവ്	ചെലവു ശതമാനം
MGNREGS	8207844	8195286	99.85%

പദ്ധതി പ്രവർത്തനങ്ങളിൽ നിന്നും ഒഴിവാക്കിയ മേഖല /നിർവഹണ ഉദ്യോഗസ്ഥർ

ഒന്നുമില്ല

ഫണ്ടുകളുടെ വകമാറ്റൽ

ഫണ്ടുകൾ വക മാറ്റി ചെലവഴിച്ചിട്ടില്ല.

ഫണ്ട് ഷോർട്ട് ഫാൾ

2012-13 വർഷത്തിൽ ഫണ്ട് ഷോർട്ട് ഫാൾ ഇല്ല.

മരാമത്ത് പ്രവൃത്തികൾ -അവലോകനം

സൂചകങ്ങൾ	വിശദാംശം
തൻവർഷം ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ വിശദാംശം	
സ്പിൽ ഓവർ പ്രവൃത്തികളുടെ എണ്ണം	36
തൻ വർഷത്തെ പ്രൊജക്ടുകളുടെ എണ്ണം	136
തൻവർഷം ടെണ്ടർ ചെയ്ത പ്രവത്തികളുടെ എണ്ണം	16

ഗുണഭോക്തൃ സമിതികൾ മുഖേനയുള്ളവ	117
തൻവർഷം പൂർത്തീകരിച്ചവ	145
ഉപേക്ഷിച്ചവ	9
സ്പിൽ ഓവർ ആയ പ്രവൃത്തികൾ	18
തൻവർഷം പൂർത്തീകരിച്ച കുടിവെള്ള പദ്ധതികൾ	3
തൻവർഷം ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയ കുടിവെള്ള പദ്ധതികളുടെ എണ്ണം	3
ഡെപ്പോസിറ്റ് പ്രവൃത്തികൾ	3
ഡെപ്പോസിറ്റ് പ്രവൃത്തികളിൽ സാക്ഷ്യപത്രം ലഭ്യമാക്കാത്തവ	ഒന്നുമില്ല

മോശമായ ടാർ റോഡുകൾ റീടാർ ചെയ്യാൻ മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിക്കാവുന്നതാണ്. ഓഡിറ്റ് വർഷം റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുത്തിരുന്നില്ല. മെയിന്റനൻസ് ഗ്രാന്റ് (റോഡ്)ന്റെ ഭൂരിഭാഗവും ഉപയോഗിച്ചത് 15 മുതൽ 50 മീറ്റർ വരെ നീളമുള്ള കോൺക്രീറ്റ് റോഡുകൾ നിർമ്മിക്കുവാൻ വേണ്ടിയാണ്.

പുതിയ കെട്ടിട നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കെട്ടിടം പണി പൂർത്തിയാക്കുന്ന വിധത്തിൽ മുഴുവൻ ഇനങ്ങളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

സാമൂഹ്യ സുരക്ഷാ പെൻഷൻ - അവലോകനം

2012-13 വർഷത്തിൽ വിവിധ പെൻഷനുകൾക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

ഇനം	തൻവർഷത്തെ പുതിയ അപേക്ഷകളുടെ എണ്ണം	ആകെ ഗുണഭോക്താക്കളുടെ എണ്ണം	ചെലവഴിച്ച തുക
കർഷക തൊഴിലാളി പെൻഷൻ	17	614	3073857
വിധവാ പെൻഷൻ	162	794	5989556
വികലാംഗ പെൻഷൻ	14	242	1871305
അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	4	54	390134
വാർദ്ധക്യകാല പെൻഷൻ	121	403	2926355

തൻവർഷം ലഭിച്ച എല്ലാ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്. പെൻഷനുകൾ സംബന്ധിച്ച രേഖകളുടെയും രജിസ്റ്ററുകളുടെയും പരിപാലനം തൃപ്തികരമാണ്.

തൊഴിൽ രഹിത വേതനം -അവലോകനം

2012-13 വർഷത്തിൽ ലഭിച്ച 55 അപേക്ഷകൾ തീർപ്പാക്കുകയും ആകെ 293 ഗുണഭോക്താക്കൾക്ക് 405720/- രൂപ തൊഴിൽരഹിത വേതനമായി ചെലവഴിക്കുകയും ചെയ്തു.

പ്രൊക്യൂർമെൻറ് കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തൽ

(സർക്കാർ ഉത്തരവ് (പി) 259/2010/ത.സ്വ.ഭ.വ. തിയതി, 8.11.2010)

2011-12 വർഷം ഗ്രാമപഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചു. 2012-13 വർഷം ഒരു യോഗം (1.2.2013) മാത്രമാണ് ചേർന്നത്.

പ്രസിഡന്റിന്റെ ദുരിതാശ്വാസനിധി - അവലോകനം

ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി 26.3.12ലെ 5-ാം നമ്പർ തീരുമാനം പ്രകാരം രൂപീകൃതമായി. തൻവർഷം 13959/- രൂപ വരവ് വന്നതിൽ 2000/- രൂപ ഒരു വ്യക്തിക്ക് അനുവദിച്ചു. 31.3.2013ൽ നീക്കിയിരിപ്പ് 11959/- രൂപ പൊറ്റശ്ശേരി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (അക്കൗണ്ട് നം. 10568)ൽ ഉണ്ട്.

തെരുവു വിളക്കുകളുടെ പരിപാലനം /വൈദ്യുതി ചാർജ്ജ് - അവലോകനം

ലഭ്യമായ രേഖകൾ പ്രകാരം കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തിയിട്ടുള്ളത് ഏത് വർഷത്തിലാണെന്ന് വ്യക്തമല്ല. നിലവിൽ തെരുവു വിളക്കുകളുടെ വിവരം താഴെ പറയും പ്രകാരമാണ്.

ഇനം	എണ്ണം
CFL 22W	10
സോഡിയം വേപ്പർ ലാമ്പ് 250W	41
സാധാരണ ബൾബ് 40Watts	374
സാധാരണ ബൾബ് 60Watts	45
Tube Fittings 40W	10
പ്രതിമാസ വൈദ്യുതി ചാർജ്ജ്	32545

കുടിവെള്ള പദ്ധതികളുടെ പരിപാലനം

2012-13 വരെയുള്ള 23 കുടിവെള്ള പദ്ധതികൾക്കു പുറമെ 2012-13ൽ പുതിയതായി ഒരു കുടിവെള്ള പദ്ധതി കൂടി പൂർത്തിയാക്കിയിട്ടുണ്ട്. ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയ 24 കുടിവെള്ള പദ്ധതികളും നിലവിൽ പ്രവർത്തന ക്ഷമമാണ്.

പൊതുടാപ്പുകളുടെ വിവരം

പഞ്ചായത്ത് പരിധിയിൽ പൊതുടാപ്പുകൾ ഇല്ല

ഗ്രാമസഭ -അവലോകനം

ആകെയുള്ള 19 വാർഡുകളിൽ 4 എണ്ണത്തിൽ 5 വീതവും, 14 എണ്ണത്തിൽ 6 വീതവും 1 എണ്ണത്തിൽ 4 വീതവും ഗ്രാമസഭകൾ കൂടിയിട്ടുണ്ട്. 5 വാർഡുകളിൽ മാത്രമേ കൂടിയ എല്ലാ ഗ്രാമസഭകളിലും ക്വാറം തികഞ്ഞിട്ടുള്ളൂ. ഗ്രാമസഭാ മിനുട്സുകൾ തൃപ്തികരമായി സൂക്ഷിച്ചിട്ടുണ്ട്.

സ്റ്റാന്റിംഗ് കമ്മിറ്റി

സ്റ്റാന്റിങ് കമ്മറ്റികളുടെ മിനുട്ട്സ് പരിശോധിച്ചതിൽ നിന്നും സ്റ്റാന്റിങ് കമ്മറ്റികൾ എല്ലാ മാസവും യോഗം ചേരുകയും കർത്തവ്യങ്ങൾ നിറവേറ്റുകയും ചെയ്തുവരുന്നതായി ബോദ്ധ്യപ്പെടുന്നുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകൾ

2012-13 വർഷത്തെ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. മിനുട്സുകൾ പ്രത്യേകം സൂക്ഷിച്ചിട്ടുണ്ട്. (1) മൃഗസംരക്ഷണവും ക്ഷീര വികസനവും, (2) കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ, (3) കല, സംസ്കാരം, കായിക

വികസനം, യുവജന ക്ഷേമം, (4) പട്ടികജാതി വികസനം എന്നീ 4 വർക്കിംഗ് ഗ്രൂപ്പുകൾ ഒഴികെയുള്ളവയുടെ മിനുട്സ് ബുക്കുകൾ യോഗം ചേർന്നതിന്റെ തീരുമാനങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. പങ്കെടുത്ത അംഗങ്ങളുടെ ഒപ്പ് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

പ്രധാന രേഖകളുടെ പരിപാലനം

സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിക്കുമ്പോൾ പ്രിന്റ് എടുത്ത് സൂക്ഷിക്കേണ്ട രേഖകളെല്ലാം ക്രമപ്രകാരം സൂക്ഷിച്ചിട്ടുണ്ട്. കൂടാതെ ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവയും രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നുണ്ട്. എന്നാൽ ഈ രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വൗച്ചറുകളോടൊപ്പം പേമെന്റ് ഓർഡറും സബ് വൗച്ചറുകളും ഉണ്ടെങ്കിലും വൗച്ചർ നമ്പർ രേഖപ്പെടുത്തി ക്രമത്തിൽ സൂക്ഷിച്ചിട്ടില്ല. ബി-ഫണ്ട്, പെൻഷൻ മണിയോർഡർ റിട്ടേൺ രജിസ്റ്ററുകളുടെയും രേഖകളുടെയും പരിപാലനം തൃപ്തികരമാണ്. വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ഇതിൽ വസ്തുനികുതി കുടിശ്ശിക ഒഴികെയുള്ളവ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. നിർവഹണ ഉദ്യോഗസ്ഥരായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ, വെറ്ററിനറി സർജൻ എന്നിവർ TR- 7A കാഷ്ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ഫ്രണ്ട് ഓഫീസ് സംവിധാനം

സർക്കാർ നിർദ്ദേശ പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

ആഭ്യന്തര നിയന്ത്രണ സംവിധാനം

സാംഖ്യയിൽ ഉപയോഗിക്കുന്ന രസീതുകളുടെ സ്റ്റേഷനറി നമ്പർ നിരീക്ഷിച്ച് രസീതുകളുടെ ക്രമമായ ഉപയോഗം ഫ്രണ്ട് ഓഫീസ് നിരീക്ഷിക്കുന്നുണ്ട്. സാംഖ്യ സ്റ്റേഷനറി നമ്പർ ഡേബുക്ക്, ചിട്ട, ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ എന്നിവയിൽ പ്രിന്റ് ചെയ്ത് വരുന്ന രീതിയിൽ നിലവിലുള്ള സാംഖ്യ സംവിധാനം ഏർപ്പെടുത്തുകയാണെങ്കിൽ മേലധികാരികൾക്ക് രസീതുകളുടെ ക്രമമായ ഉപയോഗം വിലയിരുത്തുന്നത് എളുപ്പമാകും.

ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ പ്രകാരം തപാലുകൾ സെക്ഷനുകൾക്ക് കൈമാറുന്നുണ്ടെങ്കിലും തപാലുകളുടെ തീർപ്പ് നിരീക്ഷിക്കാൻ നിലവിൽ സംവിധാനമൊന്നും ഇല്ല. പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുകയോ, സൂചിക സോഫ്റ്റ് വെയർ ഫലപ്രദമായി ഉപയോഗിക്കുകയോ ചെയ്താൽ മാത്രമേ ഈ അപാകത പരിഹരിക്കാനാവുകയുള്ളൂ.

ഇ.എം.എസ്. ലോണിന്റെ വിവരം

പൊറ്റശ്ശേരി സർവീസ് സഹകരണ ബാങ്ക് അക്കൗണ്ട് നം. 1/10-11 ൽ നിന്നും 19978500/- രൂപ ഇ.എം.എസ്.ഭവനപദ്ധതിക്കായി വായ്പ എടുക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. 2012-13ൽ ലഭ്യമാക്കിയ വായ്പയുടെ വിവരം ചുവടെ കൊടുക്കുന്നു.

2012-13വർഷം	മുതൽ (രൂപ)
മുന്നിരിപ്പ്	9359096
തൻവർഷം ലഭ്യമാക്കിയത്	202500
തൻവർഷം തിരിച്ചടച്ചത്	1300000
31.3.13ൽ തിരിച്ചടക്കാൻ ബാക്കി	8261596

ക്യാഷ് ബാലൻസ് പരിശോധന

ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.10.2014 തിയതിയിൽ സ്ഥാപന മേധാവിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ അപാകതയൊന്നും ശ്രദ്ധയിൽപ്പെട്ടില്ല.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2012-13 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. ലിറ്റിൽ കിങ്ങ്ഡം ഇംഗ്ലീഷ് മീഡിയം സ്കൂൾ,പൊറ്റശ്ശേരി -ജീവനക്കാരുടെ തൊഴിൽ നികുതി
2. കെ.എസ്.ഇ.ബി,കാഞ്ഞിരപ്പുഴ - സ്ഥാപന തൊഴിൽ നികുതി
3. മാവേലി സ്റ്റോർ, കാഞ്ഞിരം - സ്ഥാപന തൊഴിൽ നികുതി
4. മണ്ണാർക്കാട് റബ്ബർ എസ്റ്റേറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് - സ്ഥാപന തൊഴിൽ നികുതി

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 3 തിയതി,27.10.14 ന് നല്കിയ മറുപടിയിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-2 തൊഴിൽ നികുതി കണക്കാക്കുമ്പോൾ വീട്ടു വാടക ബത്ത ഉൾപ്പെടുത്തേണ്ടതില്ല

തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി നിർണ്ണയിക്കുന്നതിനായി അർദ്ധ വാർഷിക വരുമാനം കണക്കാക്കിയിരിക്കുന്നത് വീട്ടു വാടക ബത്ത ഉൾപ്പെടുത്തിയാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(3) പ്രകാരം അർദ്ധ വാർഷിക വരുമാനത്തിൽ വീട്ടു വീടക ബത്ത ഉൾപ്പെടുത്തേണ്ടതില്ല. വരും വർഷങ്ങളിലും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനായി ഡിമാന്റ് നോട്ടീസിൽ പ്രത്യേക നിർദ്ദേശം നൽകേണ്ടതാണ്.

2-3 കെ.എസ്.ഇ.ബി. കെട്ടിടം വാടക- പിഴപലിശ ഈടാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കണം

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള VI / 297 -ാം നമ്പർ കെട്ടിടം കെ.എസ്. ഇ.ബി സെക്ഷൻ ഓഫീസിന്റെ പ്രവർത്തനത്തിനായി പ്രതിമാസം 5400/- രൂപ നിരക്കിൽ വാടകയ്ക്ക് നൽകിയിട്ടുണ്ട്. 28.06.2012 ന് കെ.എസ്.ഇ.ബി യുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം 14.06.2010 മുതൽ 3 വർഷത്തേയ്ക്കാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. ജൂൺ 2010 മുതൽ ഒക്ടോബർ 2012 വരെയുള്ള വാടക 18.12.12 ന് രസീത് നം.11202500035 പ്രകാരവും നവംബർ 2012 മുതൽ മാർച്ച് 2013 വരെയുള്ള വാടക 23.08.13 ന് രസീത് നം. 1130950002 പ്രകാരവും അടച്ചിട്ടുണ്ട്. എന്നാൽ കാലതാമസത്തിനുള്ള പിഴപലിശ അടച്ചിട്ടില്ല. പിഴപലിശ അടയ്ക്കുന്നതിനായി പഞ്ചായത്തിൽ നിന്നും നിരവധി തവണ കത്തയച്ചിട്ടുണ്ടെങ്കിലും കെ.എസ്.ഇ.ബി യുടെ ഭാഗത്തു നിന്നും അതിനുള്ള നടപടികൾ ഉണ്ടായിട്ടില്ല. 3 വർഷത്തെ കരാർ കാലാവധി 13.06.2013 ന് അവസാനിച്ചു.കരാർ പുതുക്കുന്നതിനായി പഞ്ചായത്തിൽ നിന്നും കത്ത് മുഖേന ആവശ്യപ്പെട്ടിട്ടും നാളിതു വരെ കരാർ പുതുക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി സ്വീകരിച്ചിട്ടില്ല. വാടക ഈടാക്കുമ്പോൾ കാലതാമസത്തിനുള്ള പിഴപലിശ ഈടാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കരാർ പുതുക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

2-4 വാർഷിക ധനകാര്യ പത്രികയും വസ്തു നികുതി കുടിശിക ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

2012-13 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

വാർഷിക ധനകാര്യ പത്രിക പ്രകാരം			ഡിമാന്റ് രജിസ്റ്റർ പ്രകാരം		
ഡിമാന്റ്	കളക്ഷൻ	ബാലൻസ്	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
683661.33	506310.55	177350.78	761773	528710	233063

ഡിമാന്റ് രജിസ്റ്ററിലെ തുകകൾ തുടർ വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 മാവേലിസ്റ്റോറിലെ വിലയിൽ അധികരിച്ച് ഭക്ഷ്യധാന്യങ്ങൾ വാങ്ങി - 114408/-രൂപ നഷ്ടം

(1) പ്രൊജക്ട് നം. 241 -
അങ്കണവാടി പോഷകാഹാരം(ജനറൽ)

അടങ്കൽ - വികസന ഫണ്ട് - 1310000/- രൂപ

കേന്ദ്രാവിഷ്കൃതം - 935000/-

തനതു ഫണ്ട് - 200000/-

ആകെ - 2445000/-

========

(2) പ്രൊജക്ട് നം. - 242
അങ്കണവാടി പോഷകാഹാരം (SCP)

വികസന ഫണ്ട് (SCP) - 290000/-

കേന്ദ്രാവിഷ്കൃതം - 145000/-

ആകെ - 435000/-

==========

പഞ്ചായത്തിലെ 31 അങ്കണവാടികളിലേക്ക് ഭക്ഷ്യധാന്യങ്ങൾ വാങ്ങിയിരിക്കുന്നത് പൊറ്റശ്ശേരി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നാണ്. സർക്കുലർ നം. 62393/ഡി.ബി.2/10/ത.സ്വ.ഭ.വ./ 13.11.2010 പ്രകാരം അങ്കണവാടികളിലേക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കളും ഭക്ഷ്യ ഉൽപന്നങ്ങളും മാവേലി സ്റ്റോർ, നീതി സ്റ്റോർ, സഹകരണ സംഘങ്ങൾ, പൊതു വിതരണ കേന്ദ്രങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നോ സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി മത്സ്യ വകുപ്പ് ആരംഭിച്ചിട്ടുള്ള തീരമൈത്രി സൂപ്പർ മാർക്കറ്റുകളിൽ നിന്നോ മാവേലി സ്റ്റോറിലെ വിലയിൽ അധികരിക്കാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാവുന്നതാണ് എന്ന് നിഷ്കർഷിക്കുന്നു. കൂടാതെ സർക്കുലർ നം. 54814/ഡി.സി.2/2010/തസ്വഭവ തിയതി, 4.5.2011ൽ ഇതു സംബന്ധിച്ച കർശന നിർദ്ദേശവും ഉണ്ട്. എന്നാൽ പൊറ്റശ്ശേരി കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും വാങ്ങിയതു വഴി അധിക ബാധ്യത ഉണ്ടായിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമനം.	പൊറ്റശ്ശേരി സർവീസ് കോ.ഓപ്പ് ബാങ്ക് ഇൻവോയ്സ് നം.	ഇനം	വാങ്ങിയ അളവ്	പൊറ്റശ്ശേരി സർവീസ് സഹകരണ ബാങ്കിലെ നിരക്ക്			മാവേലി സ്റ്റോറിലെ നിരക്ക്		വിലയിലെ വ്യത്യാസം
				നിരക്ക്	ടാക്സ്	ആകെ വില	നിരക്ക്	ആകെ തുക	
ഇൻവോയ്സ് നം. 7315/12.1.12ലെ 316155.65/- രൂപയിൽ ഉൾപ്പെട്ടത്. കേന്ദ്രവിഹിതം ചെക്ക് നം. 1190413/21.4.12 പ്രകാരം 200000/- രൂപയും ബാക്കിതുക 116155/- രൂപ ട്രഷറി ബിൽ നം. 2/12-13 തിയതി, 22.9.13 പ്രകാരം പിൻവലിച്ച 792413/-രൂപയിൽ നിന്നും നൽകി.									
1	7315/12.1.12	വെളിച്ചെണ്ണ	341 ലി.	108.15	--	36879.15	106.56	36336.96	542.19
2		ഗോതമ്പ്	2450കി.	29.4	720.3	72750.3	25.65	62842.5	9907.8
3		ചെറുപയർ	1190കി.	76.65	3648.5	94862	54.4	64736	30126
4		ശർക്കര	720കി.	52.5	1512	39312	39.35	28332	10980
ഇൻവോയ്സ് നം. 7358/27.7.12ലെ 358682.30/- രൂപയിൽ ഉൾപ്പെട്ടത്. ട്രഷറി ബിൽ നം. 2/12-13 തിയതി, 22.9.13 പ്രകാരം പിൻവലിച്ച 792413/-രൂപയിൽ നിന്നും നൽകി.									
1	7358/27.7.12	വെളിച്ചെണ്ണ	310ലി.	87.15	--	27016.5	82.4	25544	1472.5
2		ഗോതമ്പ്	3000കി.	29.4	882	89082	25.7	77100	11982
3		ചെറുപയർ	1290കി.	78.75	1015.9	102603.4	52.5	67725	34878.4
4		ശർക്കര	900കി.	45.15	2031.75	42666.75	40	36000	6666.75
ഇൻവോയ്സ് നം. 7378/29.1.13ലെ 188249.50/- രൂപയിൽ ഉൾപ്പെട്ടത്.									

കേന്ദ്ര വിഹിതം ചെക്ക് നം.1190465/21.3.13 പ്രകാരം പിൻവലിച്ച 373778/-രൂപയിൽ നിന്നും നൽകി.									
1	7378/29.1.13	ഗോതമ്പ്	2250കി.	31.5	709	71584	29.25	65812.5	5771.5
		ചെറുപയർ	105കി.	73.5	77.5	7795	64.7	6793.5	1001.5
		ശർക്കര	312കി.	47.25	737	15479	46.15	14398.8	1080.2
									114408.84 ie, 114408/-

വില വ്യത്യാസം ചൂണ്ടിക്കാട്ടി മാവേലി സ്റ്റോറിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിന് തീരുമാനമെടുക്കണമെന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസറും സെക്രട്ടറിയും ഭരണ സമിതിയോട് ആവശ്യപ്പെട്ടുവെങ്കിലും 10.9.2012ലെ ഒന്നാം നമ്പർ തീരുമാനം പ്രകാരം പൊറ്റശ്ശേരി സർവീസ് സഹകരണ ബാങ്കിൽ നിന്നും തന്നെ വാങ്ങിയാൽ മതി എന്ന് ഭരണ സമിതി തീരുമാനിക്കുകയായിരുന്നു. പ്രസ്തുത തീരുമാനം പുനരവലോകനം ചെയ്യുന്നതിന് സെക്രട്ടറി 22.10.2012ലെ ഭരണ സമിതി യോഗത്തിൽ ആവശ്യപ്പെടുകയുണ്ടായെങ്കിലും 10.9.2012ലെ തീരുമാനം നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയാണ് ചെയ്തത് (തീരുമാനം നം.7). അതിനാൽ പൊറ്റശ്ശേരി സർവീസ് സഹകരണ ബാങ്കിൽ നിന്നും വാങ്ങിയതു വഴി പഞ്ചായത്തിനുണ്ടായ നഷ്ടം 114408/- രൂപ 22.10.2012ലെ തീരുമാനത്തിൽ പങ്കെടുത്ത 18 ഭരണ സമിതി അംഗങ്ങളിൽ നിന്നും തുല്യമായി (6356/- രൂപ വീതം) ഈടാക്കേണ്ടതാണ്.

2009-10, 2010-11 വർഷത്തെ എൽ.എഫ്.പി.9/939/13 തിയതി, 23.11.13ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1ലും, 2011-12 വർഷത്തെ എൽ.എഫ്.പി9/247/14തിയതി, 19.3.2014ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-4ലും ഇതു സംബന്ധിച്ച് പരാമർശമുണ്ട്)

3-2 മാനസിക രോഗികൾക്ക് പി.എച്ച്.സി. മുഖേന മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭ്യമാക്കിയില്ല.

പ്രൊജക്ട് നം. 93/13 - മാനസിക രോഗികൾക്ക് പി.എച്ച്.സി. മുഖേന മരുന്ന് വാങ്ങൽ

അടങ്കൽ - വികസന ഫണ്ട് - 150000/-രൂപ

ചെലവ് - 147461/-രൂപ - ബിൽ നം. 1/12-13 തിയതി, 30.3.13

നിർവഹണ ഉദ്യോഗസ്ഥ - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

മാനസിക രോഗികൾക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്ന് 147461/-രൂപ പിൻവലിച്ചിട്ടുണ്ട്. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും മരുന്ന് വാങ്ങുന്നതിനു വേണ്ടി 147461/-രൂപ ഡി.ഡി.നം. 204420/8.4.13 (SBT, Mannarkkad) പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ 79391/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമേ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും ലഭിച്ചിട്ടുള്ളൂ. വിശദ വിവരം താഴെ കൊടുക്കുന്നു.

ഇൻവോയ്സ് നം./തിയതി	തുക (രൂപ)
2661/14.1.14	3238/-
970/16.8.13	15696/-
524/17.7.13	60457/-
ആകെ	79391/-

68070/-രൂപയ്ക്കുള്ള മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും ലഭ്യമാവാനുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/31.10.2014ന് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സ്ഥാപനത്തിൽ നിന്നും 68070/-രൂപയ്ക്കുള്ള മരുന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ, അല്ലാത്തപക്ഷം നൽകിയ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. അതുവരെ 68070/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

3-3 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് -അർഹമായ ധനസഹായം വകയിരുത്തേണ്ടതാണ്.

പ്രൊജക്റ്റ് നം. 88/13 -ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ – സാധാരണ വിഹിതം – 247142/- രൂപ

ചെലവ് – ബിൽ നം. 7/12-13 തിയതി, 15.3.13 – 97500/-രൂപ

നിർവഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് എന്ന പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിലെ 26 കുട്ടികൾക്ക് 3750/- രൂപ പ്രകാരം 97500/- രൂപ നൽകിയിരിക്കുന്നു. 12-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 800/- രൂപ സ്കോളർഷിപ്പ്, വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം) 800/-രൂപ, പഠന സഹായികൾക്ക്/വിദ്യാഭാസ സാമഗ്രികൾക്ക് ബത്ത (വാർഷികം) 1400/-രൂപ ഉൾപ്പെടെ 11800/-രൂപ ധനസഹായം ഇനത്തിൽ വകയിരുത്താവുന്നതാണ്. അതുപോലെ ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് 1-4/നഴ്സറി ക്ലാസിന് ഡേസ്കോളറിന് പ്രതിമാസം 400/- രൂപ /ഹോസ്റ്റലർക്ക് 600/- രൂപയും വാർഷിക ബത്ത 500/- രൂപയും, 5-8 ക്ലാസിന് ഡേസ്കോളറിന് പ്രതിമാസം 500/- രൂപ /ഹോസ്റ്റലർക്ക് 750/- രൂപയും വാർഷിക ബത്ത 600/-രൂപയും, 9,10, +1, +2 ക്ലാസിന് ഡേസ്കോളറിന് പ്രതിമാസം 600/- രൂപ /ഹോസ്റ്റലർക്ക് 800/- രൂപയും വാർഷിക ബത്ത 800/-രൂപയും വകയിരുത്താവുന്നതാണ്. എന്നാൽ നടപ്പിലാക്കിയ പദ്ധതി പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കും ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കും ഒരുപോലെ 3750/- രൂപ നൽകുകയാണ് ചെയ്തിരിക്കുന്നത്. മാനസിക- ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് അർഹമായ ധനസഹായം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

26 കുട്ടികൾക്ക് 3750/-രൂപ പ്രകാരം 97500/- രൂപ നൽകുന്നതിനു പകരം ഡി.ഡി. കമ്മീഷൻ കുറച്ച് 3725/- രൂപ പ്രകാരം 96850/-രൂപയാണ് നൽകിയിരിക്കുന്നത്. സർക്കുലർ നം. 21/2006/ധനം. തിയതി, 16.5.2006, സർക്കുലർ നം. എസ്.ടി.ഇ.എസ്./ജി.എ.18/33/2006 തിയതി, 23.3.2006, എസ്.ബി.ടി. എന്നിവ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഡി.ഡി. കമ്മീഷൻ ഒഴിവാക്കിയിട്ടുണ്ട്. ഭാവിയിൽ ഈ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3-4 കന്നുകുട്ടി പരിപാലനം പദ്ധതി – വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയിട്ടുള്ള കന്നുകുട്ടി പരിപാലനം (പ്രോജക്റ്റ് നം. S 0095/13) പദ്ധതി പ്രകാരം പഞ്ചായത്ത് വിഹിതമായി 312500/- രൂപ പൊതുവിഭാഗം പദ്ധതി ഫണ്ടിൽ നിന്നും ഡി.ഡി.നം. 208783 തീയതി 02.03.13, 208797 തീയതി 02.03.13, 208798 തീയതി 02.03.13 എന്നിവ പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ (കന്നുകുട്ടി പരിപാലനം പദ്ധതി) ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 8/30.10.14 ന് നൽകിയ മറുപടിയിൽ പദ്ധതി നിർവ്വഹണം പൂർത്തിയായിട്ടില്ല എന്നും പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-5 മുൻകൂർ തുക നല്കിയതിന്റെ വിവരം

സ്കൂൾ കെട്ടിട നിർമ്മാണത്തിന് എസ്.എസ്.എ-യിൽ നിന്നും ലഭ്യമായ രണ്ടാം ഗഡു 620000 രൂപ പൊറ്റശ്ശേരി ജി.എൽ.പി സ്കൂൾ പി.ടി.എ ക്ക് ഹെഡ് മാസ്റ്റർ മുഖാന്തിരം നല്കിയിട്ടുണ്ട്.(വൗച്ചർ നം-690/19.12.12). പ്രസ്തുത പ്രവർത്തിയുടെ ഒന്നാം ഗഡു 2011-12 സാമ്പത്തിക വർഷത്തിൽ ഹെഡ് മാസ്റ്റർക്ക് നല്കിയതാണ്.

ടി തുകകളുടെ വിനിയോഗസാക്ഷ്യപത്രം/ചെലവ് രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-6 ഭവന നിർമ്മാണം - ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

(1) താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	പ്രൊജക്ടിന്റെ പേര്, നം.	ഗുണഭോക്താവിന്റെ പേര്	അർഹമായ ധനസഹായം	കൈപ്പറ്റിയ തുക	കൈപ്പറ്റുവാൻ ബാക്കി

1	ഭവന നിർമ്മാണം (ജനറൽ) പ്രൊജക്ട് നം. 22/13	സജിത, W/o.ബെന്നി, പരിപ്പകാലയിൽ (H), കുറ്റിയംപാടം, പൂഞ്ചോല	100000	40000	60000
2		നസീമ, W/o.സൈതലവി, ഇറയത്തറ, ചിറക്കൽപ്പടി, തൃക്കളൂർ	100000	70000	30000
3		സുശീല, W/o.മണികണ്ഠൻ, വട്ടപ്പാറ (H), തൃക്കളൂർ	100000	90000	10000
4		ശാന്ത, W/o.രാജൻ, മുണ്ടൂർ (H), പൂഞ്ചോല	100000	70000	30000
5		സക്കീന, W/o.ഷെരീഫ്, വേളൂരാൻ (H), തൃക്കളൂർ	100000	90000	10000
6		ലീല, W/o.ചിന്നപ്പൻ, നെല്ലിക്കുന്ന്, കാഞ്ഞിരപ്പുഴ	100000	70000	30000
7		ദീപ, W/o.പൊന്നു, തേന്നൂർ വീട്, പൂഞ്ചോല	100000	70000	30000
8		ദീപ, W/o.മോഹൻദാസ്, വെട്ടിക്കാട്ടിൽ, പൂഞ്ചോല	100000	90000	10000
9	ഭവന നിർമ്മാണം -വനിത (ജനറൽ) പ്രൊജക്ട് നം.23/13	സുലൈഖ, W/o.മുഹമ്മദ് (L), മനച്ചിത്തൊടി, കാഞ്ഞിരപ്പുഴ	100000	90000	10000
10	ഭവന നിർമ്മാണം (SCP) പ്രൊജക്ട് നം. 26/13	സുകുമാരി W/o.കൃഷ്ണൻ, അത്തിക്കുണ്ട് (H), പൂഞ്ചോല	200000	180000	20000
11		ശ്യാമള, D/o. കുട്ടൻ, ചെമ്പ്രക്കുന്ന്, വിയ്യക്കുറിശ്ശി	200000	100000	100000

ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 4/25.10.2014ന് ക്രമനം. 3,4,9 എന്നിവർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് എന്നും ബാക്കിയുള്ളവർ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു എന്നും അറിയിച്ചിട്ടുണ്ട്.

2. ആശ്രയ ഭവന നിർമ്മാണം ടി.എസ്.പി.(പ്രൊജക്ട് നം. 10/12-13) എന്ന പദ്ധതിയിൽ രണ്ടു ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	അർഹമായ ധനസഹായം	കൈപ്പറ്റിയ തുക	കൈപ്പറ്റുവാൻ ബാക്കി
1	മാതൻ, S/o.വെള്ള, ആനക്കരണം കോളനി	250000	75000	175000
2	വെള്ള, S/o. കരുമൻ, പാമ്പൻതോട് കോളനി, പൂഞ്ചോല	250000	185000	65000

ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-7 കുടുംബശ്രീ അക്കൗണ്ടിൽ ചെലവഴിക്കാതെ കിടക്കുന്ന തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് വിവിധപദ്ധതികൾക്കായി സി.ഡി.എസിന് 2006-07 വർഷം മുതൽ നൽകിയ പ്ലാൻഫണ്ട് വിഹിതം പൂർണ്ണമായും ചെലവഴിക്കാതെ സി.ഡി.എസ്. അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. പദ്ധതിഫണ്ട് വിനിയോഗിയ്ക്കാതെ വർഷങ്ങളോളം അക്കൌണ്ടിൽ നിലനിൽക്കുന്നത് മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ലാത്തതിനാലാണ്. വിനിയോഗിക്കാതെ അക്കൌണ്ടിൽ (പൊറ്റശ്ശേരി സർവീസ് സഹകരണ ബാങ്ക് അക്കൗണ്ട് നം. 4782) സൂക്ഷിച്ചിട്ടുള്ള പദ്ധതിവിഹിതം സഞ്ചിതനിധിയിലേയ്ക്ക് ഉടൻ തിരിച്ചടയ്ക്കേണ്ടതാണ്.വിശദവിവരം താഴെ ചേർക്കുന്നു.

.

ക്രമ നം.	പ്രൊജക്ട് വർഷം	പ്രൊജക്ടിന്റെ പേര്	ലഭിച്ച തുക	ചെലവഴിച്ച തുക	ചെലവഴിക്കുവാൻ ബാക്കി
1	2006-07	റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് (ഗ്രാമ പഞ്ചായത്ത്)	400000	---	400000
2	2005-06	ആശ്രയ ഭവനം (ഗ്രാമ പഞ്ചായത്ത്)	1352950	1114000	238950
3	2008-09	ഭവന നിർമ്മാണം (പട്ടിക വർഗ്ഗം) ജില്ലാ പഞ്ചായത്ത്)	1485000	600000	885000
4	2012-13	ആശ്രയ ഭവന നിർമ്മാണം - എസ്.ടി.	1625000	1510000	115000
				ആകെ	1638950

കൂടാതെ വിവിധ വർഷങ്ങളിൽ റിവോൾവിംഗ് ഫണ്ടിനത്തിൽ ലഭിച്ച തുകകളും വിനിയോഗിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുകകൾ കൂടി സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

3-8 രേഖകൾ ഹാജരാക്കാത്തത്

2012-13 വർഷത്തിൽ സ്പിൽ ഓവർ ആയി അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ 18 പദ്ധതികളുടെ ഫയലുകളും ചെലവു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിരുന്നില്ല. 2011-12 വർഷത്തെ ഫയലിനൊപ്പം സൂക്ഷിച്ച ഈ ഫയലുകൾ 2012-13 വർഷത്തിൽ പെർഫോമൻസ് ഓഡിറ്റ് പരിശോധിച്ചതാണെന്നും ഇപ്പോൾ ചിതലരിച്ച അവസ്ഥയിൽ ആയതിനാൽ ഓഡിറ്റിന് ഹാജരാക്കാൻ സാധിക്കാത്ത വിധത്തിലാണെന്നത് നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടാവുന്നതാണെന്നും കാണിച്ച് എ.ഇ. കത്ത് ഹാജരാക്കിയിരുന്നു. ചിതലരിച്ച ഫയലുകളുടെ അവശിഷ്ടങ്ങൾ നേരിൽ കണ്ടു ബോധ്യപ്പെടുകയും ചെയ്തു. വിശദവിവരം ചുവടെ കൊടുക്കുന്നു.

ക്രമ നം:	പദ്ധതി	തുക	ബിൽ നം./ ചെക്ക് നം.	ഫണ്ട്
1	പൂഞ്ചോല പാങ്ങോട് കനാൽ റോഡ്	10000	1190419/ 28.6.12	തനത്
2	കല്ലാങ്കുഴി - മാച്ചിങ്ങത്തൊടി പൊതുകിണർ	4000	1190419/ 28.6.12	തനത്

3	പ്രൈമറി ഹെൽത്ത് സെന്റർ	13927	1190422/ 07.7.12	തനത്
4	50/13: കല്ലമല SC കോളനി കുടിവെള്ള പദ്ധതി	49999	2/28.7.12	Plan (SCP)
5	79/13: മുണ്ടക്കുന്ന് ജംക്ഷൻ പൊതുകിണർ റിപ്പയർ	19434	3/28.7.12	MG(NR)
6	78/13: മാട്ടം കോളനി കുടിവെള്ള കിണർ	19967	3/28.7.12	MG(NR)
7	81/13:വാണിയംപാറ കല്ലമല കിണർ	30000	3/28.7.12	MG(NR)
8	54/13:അമ്പംകുന്ന് പുഴ റോഡ്	74855	4/20.7.14	MG(R)
9	56/13:അച്ചിപ്ര ഇടവഴി കോൺക്രീറ്റ്	49999	4/20.7.14	MG(R)
10	58/13:കാവുങ്ങൽ കുഞ്ഞാൻപടി റോഡ്	10000	4/20.7.14	MG(R)
11	57/13:ചേലേങ്കര പുള്ളുവൻപടി റോഡ്	60000	4/20.7.14	MG(R)
12	240/13: അമ്പാഴക്കോട് ഇടത് കനാൽ റോഡ്	50000	4/20.7.14	MG(R)
13	പാമ്പൻതോട് കോളനി റോഡ്	50000	4/20.7.14	MG(R)
14	പുല്ലിക്കുളം കോളനി റോഡ്	125000	4/20.7.14	MG(R)
15	പള്ളിപ്പടി കോളനി റോഡ്	4972	1190432/ 16.8.12	തനത്
16	അമ്പംകടവ് മാന്തോണി റോഡ്	49930	1190430/ 14.8.12	തനത്
17	പാങ്ങോട് കനാൽ റോഡ്	35000	1190430/ 14.8.12	തനത്
18	നെല്ലിക്കുന്ന് കോളനി കുടിവെള്ള പദ്ധതി.	17561	40/25.3.13	Plan(SCP)
	ആകെ	674644		

28/10/2014 ലെ തീരുമാനം 14 പ്രകാരം മേൽപ്പറഞ്ഞ 18 പ്രവൃത്തികളുടെ ഫയലുകൾ ചിതലരിച്ച് നശിച്ചു പോയതായും പദ്ധതി പ്രദേശം ഭരണസമിതി അംഗങ്ങൾ നേരിട്ട് പരിശോധിച്ചതായും പദ്ധതികൾ നല്ല രീതിയിൽ നടപ്പാക്കിയിട്ടുണ്ടെന്നും കുടിവെള്ള പദ്ധതികൾ നിലവിലും ഫലപ്രദമായ രീതിയിൽ പ്രവർത്തിച്ചു വരുന്നതായും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

നിർവഹണം നടത്തുന്ന പദ്ധതികളുടെ രേഖകൾ കൃത്യമായി സൂക്ഷിച്ച് ഓഡിറ്റിന് ഹാജരാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3-9 പൊതു മരാമത്ത് പ്രവൃത്തികൾ - ചട്ടങ്ങൾ പാലിക്കണം

പൊതുമരാമത്ത് പണികൾ നടപ്പാക്കുമ്പോൾ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, 1997 പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പൊതുമരാമത്ത് പണികളുടെ മുൻഗണനാ ക്രമത്തിലുള്ള ഒരു ലിസ്റ്റ് സാമ്പത്തിക വർഷാരംഭത്തിൽ തയ്യാറാക്കേണ്ടതാണ്. പൊതുമരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് പദ്ധതി പ്രദേശത്ത് പ്രദർശിപ്പിക്കേണ്ടതാണ്. ഇതിൽ കരാറുകാരന്റെ പേര്, എസ്റ്റിമേറ്റ് തുക, പണി തുടങ്ങേണ്ടതും തീർക്കേണ്ടതുമായ തിയതികൾ, പണിക്കാർ ഉപയോഗിക്കുന്ന സാധന

സാമഗ്രികളുടെ വിവരം, വില, ടെന്റർ നിരക്ക്, മുൻകൂർ നൽകുകയാണെങ്കിൽ അതിന്റെ വിവരം തുടങ്ങിയവ ഉൾപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ആർജ്ജിക്കുന്ന ആസ്തികളിൽ ഗ്രാമപഞ്ചായത്തിന്റെ പേര്, പദ്ധതിയുടെ പേര്, ചെലവഴിച്ച തുക തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തി ആസ്തികളുടെ സംരക്ഷണം ഉറപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2012-13 വർഷം റീടാറിംഗ് പ്രവൃത്തികളൊന്നും ഏറ്റെടുത്തു കാണുന്നില്ല. മെയിന്റനൻസ് ഗ്രാന്റി(റോഡ്)ന്റെ സിംഹഭാഗവും ചെലവഴിച്ചിരിക്കുന്നത് 15 മുതൽ 100 മീറ്റർ വരെയുള്ള കോൺക്രീറ്റ് റോഡുകളുടെ നിർമ്മാണത്തിനായിട്ടാണ്. മെയിന്റനൻസ് ഗ്രാന്റ് (റോഡ്) നിലവിലുള്ള റോഡുകളുടെ സംരക്ഷണത്തിനായി ഉപയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. 192 പദ്ധതികൾ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി അംഗീകാരം നേടുകയും 136 പ്രവൃത്തികൾ തൻവർഷം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതികളുടെ എണ്ണം ക്രമാതീതമായി കൂടുന്നത് ഗുണനിലവാരത്തെ ബാധിക്കുന്നതിനാൽ പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ പ്രായോഗിക വശം കൂടി പരിഗണിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തികളുടെ പരിപാലനവും, മെച്ചപ്പെടുത്തലുകളും പരിഗണിക്കേണ്ടതാണ്.

തൻവർഷം ഏറ്റെടുത്ത 136 പദ്ധതികളിൽ 9 എണ്ണം നടപ്പിലാക്കാനുള്ള പ്രായോഗിക ബുദ്ധിമുട്ട് നേരിട്ടതിനാൽ ഉപേക്ഷിച്ചിട്ടുണ്ട്. പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ തന്നെ ഫീസിബിലിറ്റി ഉറപ്പാക്കേണ്ടതാണ്.

3-10 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -അവലോകനം

2005ൽ നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2006-07 സാമ്പത്തിക വർഷം മുതൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ വിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഈടു നിൽക്കുന്ന ആസ്തികളുടെ രൂപീകരണവും ഗ്രാമീണ ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തൽ എന്നതുമാണ് സ്കീമിന്റെ പ്രധാന ലക്ഷ്യം. വിവിധ വർഷങ്ങളിലെ പദ്ധതി നടത്തിപ്പ് രേഖകൾ പരിശോധനക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമനം.	വിശദാംശം	2012-13വർഷം
1	രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം	2101
2	തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം	2101
3	തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം	382
4	തൻവർഷത്തെ ആകെ അടങ്കൽ	52367000
5	തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം	175
6	തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം	154
7	സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം, മെറ്റീരിയൽസിന്റെ ചെലവ്	6 എണ്ണം (ചെലവ് 2013-14 വർഷത്തിൽ
8	തൻവർഷത്തെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	8207844
9	തൻവർഷത്തെ ചെലവ്	8195286

9	തൻവർഷത്തെ ചെലവ്	8195286
10	തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം	1307
11	തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം	1307
12	100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം	24
13	തൊഴിൽ ആവശ്യപ്പെട്ടിട്ടും നൽകാതിരുന്നത് എത്ര പേർക്ക്? തൊഴിൽ രഹിത വേതനം നൽകിയത് എത്ര പേർക്ക്? നൽകിയ തുക	---
14	തൊഴിൽ സ്ഥലത്ത് സംഭവിച്ച അപകടങ്ങളുടെ എണ്ണം, ചെലവഴിച്ച തുക	---
15	തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കാറുണ്ടോ?	ഉണ്ട്
16	തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം (ആസ്തിയുടെ പേര്/എണ്ണം)	ഇല്ല
17	സോഷ്യൽ ഓഡിറ്റ് നടന്ന മാസം	ജൂൺ 2013
18	പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ?	ഉണ്ട്
19	സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം)	ഇല്ല

നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം

ക്രമനം.	പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം	2012-13വർഷം	
		നടപ്പിലാക്കിയ പദ്ധതികളുടെഎണ്ണം	ചെലവഴിച്ച തുക
1	മണ്ണ്-ജല സംരക്ഷണം	---	---
2	വരൾച്ച തടയൽ, വനവത്കരണം	4	251753
3	ചെറുകിട ജലസേചനം	36	2022735
4	പട്ടികജാതി-പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം	-	---
5	പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം	68	1485264
6	ഭൂവികസനം	4	156808
7	വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ	63	3834903
8	മറ്റു ചെലവുകൾ	---	443823
	ആകെ		8195286

അവലോകനം

വിവിധ വർഷങ്ങളിലെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിന്മേലുള്ള സംക്ഷിപ്ത വിവരം താഴെ ചേർക്കുന്നു.

ക്രമനം.		2012-13 വർഷം
1	ആക്ഷൻ പ്ലാൻ പ്രകാരം ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുക	52367000
	ചെലവഴിച്ച തുക	8195286
	ശതമാനം	15.65%
2	രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം	2101
	തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം	1307
	ശതമാനം	62.00%

3	100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം	24
4	തൻവർഷം ആസ്തികൾ സൃഷ്ടിച്ചിട്ടുണ്ടോ?	ഇല്ല

ആക്ഷൻ പ്ലാൻ പ്രകാരം ലക്ഷ്യമിട്ടതിൽ 15.65% തുക മാത്രമാണ് യഥാർത്ഥത്തിൽ ചെലവഴിച്ചത്. യാഥാർത്ഥ്യബോധത്തോടെ ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും പരമാവധി കുടുംബങ്ങൾക്ക് പരമാവധി തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാവുന്ന വിധത്തിൽ പ്രവർത്തികൾ ക്രമീകരിക്കുകയും ചെയ്യേണ്ടതാണ്.

3-11 കർഷക തൊഴിലാളി പെൻഷൻ-വിഷയാധിഷ്ഠിത അവലോകനം

1998 ലെ കേരള കർഷക തൊഴിലാളി പെൻഷൻ ചട്ടങ്ങൾ ഗ്രാമ പഞ്ചായത്തുകളിൽ നടപ്പാക്കിയതിലെ പുരോഗതി പരിശോധിക്കുന്നതിന്റെ ഭാഗമായി പെൻഷൻ വിതരണ സംവിധാനത്തെക്കുറിച്ച് അവലോകനം നടത്തുകയുണ്ടായി.കർഷക തൊഴിലാളി പെൻഷൻ ഇനത്തിൽ 2011-12 മുതൽ 2013-14 വരെയുള്ള വർഷങ്ങളിൽ താഴെ പറയുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

1)കർഷക തൊഴിലാളി പെൻഷൻ വിതരണവും ഗുണഭോക്താക്കളും.

വർഷം	ഗുണഭോക്താക്കളുടെ എണ്ണം	പെഷൻ ഇനത്തിൽ ചെലവ്
2011-12	658	829080
2012-13	614	3073857
2013-14	575	904050

2) കർഷക തൊഴിലാളി പെൻഷൻ-പുതുതായി അനുവദിച്ചത്.

കർഷകതൊഴിലാളി പെൻഷനു വേണ്ടിയുള്ള അപേക്ഷകൾ വർഷം തോറും കുറഞ്ഞുവരുന്നതായാണ് കാണുന്നത്.മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകളെ അപേക്ഷിച്ച് ഈ പെൻഷന്റെ തുക കുറവായിരിക്കുന്നത് കൊണ്ട് അർഹരായ വ്യക്തികൾ മറ്റ് പെൻഷനുകളിൽ ഉൾപ്പെടുന്നതിന് താല്പര്യപ്പെടുന്നു.അവലോകനം നടത്തിയ കാലയളവിലെ പുതിയ അപേക്ഷകളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

വർഷം	പുതിയ അപേക്ഷകളുടെ എണ്ണം	പെൻഷൻ അനുവദിച്ചത്	അപേക്ഷ നിരസിച്ചത്	അപ്പീൽ വഴി അനുവദിച്ചത്	കുറിപ്പ്
2011-12	27	21	6	ഒന്നുമില്ല	2011-12 വർഷത്തിൽ, ക്ഷേമനിധി അംഗമല്ലാത്തതിനാൽ ഒരാളുടെയും 60 വയസ്സ് പൂർത്തിയാകാത്തതിനാൽ 5 പേരുടെയും അപേക്ഷകൾ നിരസിച്ചിട്ടുണ്ട്.
2012-13	17	17	0		
2013-14	8	8	0		

3)ഗുണഭോക്തൃ തെരഞ്ഞെടുപ്പ്.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ചട്ടപ്രകാരമാണ്.വയസ്സ്, വരുമാനം,ക്ഷേമനിധി അംഗത്വം തുടങ്ങിയ ഘടകങ്ങൾ പരിശോധിച്ച് അർഹത ഉറപ്പുവരുത്തിയിട്ടുണ്ട്. അനർഹർക്ക് ആനുകൂല്യം അനുവദിച്ചതായി കാണുന്നില്ല.

4)അപേക്ഷകൾ -നടപടിക്രമങ്ങൾ.

ലഭിച്ച അപേക്ഷകൾ യഥാക്രമം നിർദ്ദിഷ്ട മാതൃകയിലുള്ള രജിസ്റ്ററിൽ ചേർത്ത് തുടർ നടപടി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.ചട്ടപ്രകാരം നടത്തേണ്ട ഫീൽഡ്തല പരിശോധനക്ക്

അയച്ച് റിപ്പോർട്ട് പരിഗണിച്ചാണ് തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളത്.പഞ്ചായത്ത് തീരുമാനത്തിന്റെ വിവരങ്ങളും പെൻഷൻ രജിസ്റ്ററിൽ ലഭ്യമാണ്.

5)ചട്ടം-7(ബി)-നിർദ്ദേശം പാലിക്കുന്നത് സംബന്ധിച്ച്.

അപേക്ഷ ലഭിച്ച് 45ദിവസത്തിനകം തീരുമാനമെടുക്കേണ്ടതാണ് എന്ന നിർദ്ദേശം കൃത്യമായി പാലിക്കപ്പെടുന്നില്ല.ഇതു സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.രേഖകൾ പ്രകാരം, മൂന്ന് മാസം വരെ കാലതാമസം ഉണ്ടായതായി കാണുന്നു.

വർഷം	ലഭിച്ച അപേക്ഷകൾ	45ദിവസത്തിനകം തീരുമാനം എടുത്തവ	45 ദിവസം മുതൽ ഒരു വർഷം വരെ വൈകിയവ	ഒരു വർഷത്തിനുമേൽ വൈകിയവ
2011-12	27	10	17	0
2012-13	17	0	17	0
2013-14	8	2	6	0

6)അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാര്യക്ഷമത സംബന്ധിച്ച്.

ലഭിച്ച അപേക്ഷകൾ ഫീൽഡ് തല അന്വേഷണത്തിനു നല്കിയശേഷം അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ലഭിക്കുന്നതിലും ആയതിന്മേൽ തീരുമാനം എടുക്കുന്നതിലും ആണ് കാലതാമസം ഉണ്ടായിട്ടുള്ളത്.

മറ്റുള്ളവ

7)അപേക്ഷ നല്കിയവർപെൻഷൻ അനുവദിച്ച് കിട്ടുന്നതിനു മുമ്പ് മരണപ്പെട്ടതായി രേഖപ്പെടുത്തലുകൾ ഇല്ല.

8)പെൻഷൻ ഗുണഭോക്തൃലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം ലഭ്യമാക്കുന്നുണ്ട്.

9)ഗുണഭോക്താക്കൾ ഒന്നിലധികം പെൻഷൻ കൈപ്പറ്റുന്നത് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

10)അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നല്കുകയും ചട്ടപ്രകാരമുള്ള രജിസ്റ്ററുകളിൽ ചേർത്ത് സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്.

11)ചട്ടം11പ്രകാരമുള്ള പുനരന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ റദ്ദാക്കിയിട്ടില്ല.

12) ഗുണഭോക്താവ് മരണപ്പെടുകയോ രണ്ടുതവണയിലധികം തുക കൈപ്പറ്റാതിരിക്കുകയോ ചെയ്യുമ്പോൾ ചട്ടം 18 ലെ നിർദ്ദേശം പാലിച്ചുകൊണ്ട് പെൻഷൻ റദ്ദ് ചെയ്യുന്നുണ്ട്.

13)തുക ഗുണഭോക്താവ് കൈപ്പറ്റിയത് സംബന്ധിച്ച് പ്രത്യേകസാക്ഷ്യപത്രം സൂക്ഷിക്കുന്നില്ല.തുക ഒരുമിച്ച് പോസ്റ്റോഫീസിൽ കൈപ്പറ്റിയതിന്റെ രസീത് സൂക്ഷിക്കുന്നുണ്ട്. തുക കൈപ്പറ്റാത്ത ഗുണഭോക്താക്കളുടെ വിവരം ഉൾപ്പെടുത്തിയ ലിസ്റ്റ് സൂക്ഷിക്കുന്നുണ്ട്.

14)ഗുണഭോക്താക്കളുടെ എണ്ണത്തിൽ കുറവാണ് ഉണ്ടായിട്ടുള്ളത്.

15)കർഷക തൊഴിലാളി പെൻഷൻ വിതരണം സംബന്ധിച്ച് പരാതികൾ ഉള്ളതായി കാണുന്നില്ല.

16)തിരികെ ലഭിക്കുന്ന പെൻഷൻ മണിയോർഡർ തുകകൾ ശരിയായി അക്കൗണ്ട് ചെയ്ത് യഥാസമയം സർക്കാരിലേക്ക് തിരിച്ചടക്കുന്നുണ്ട്.

17)പെൻഷൻ വിതരണത്തിന് പിൻവലിച്ച തുക പണമായി കൈവശം വെച്ച് ദുരുപയോഗം

ചെയ്തതായി കാണുന്നില്ല.

അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴികെ കർഷകതൊഴിലാളി പെൻഷൻ വിതരണം കാര്യക്ഷമമാണ്

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സാമ്പത്തിക നില

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
എ	2035870	22717196	24753066	19772170	4980896
ബി	---	17110284	17110284	17110284	---
സി	1389081	6454000	7843081	7111856	731225
ഡി	3821818	7068977 *	10890795	3427759	7463036
ഇ	495844	7712000	8207844	8195286	12558
എഫ്+ മറ്റിനങ്ങൾ	1859726	7573916	9433642	7817108	1616534
ആകെ	9602339	68636373	78238712	63434463	14804249

* അംഗൻവാടി സെൻട്രൽ ഷെയർ- 768131/- റീടെൻഷൻ തുക 9677/- എന്നിവ ഉൾപ്പെടെ

നീക്കിയിരിപ്പിന്റെ വിശദാംശം

ബാങ്ക്/ട്രഷറി	അക്കൗണ്ട് നമ്പർ	നീക്കിയിരിപ്പ് തുക
സബ് ട്രഷറി, മണ്ണാർക്കാട്	VPFA -I	7463036
"	VPFA -II a	1095559
"	VPFA -II b	1750508
"	VPFA -II c	265712
"	VPFA III	731225
"	VPFA IV CFC	1727242
"	VPFA V KLGSDP	141875
Pottassery Service co-op Bank	831	1333516
Union Bank RCH	4997	171855
DISTRESS RELIEF	10568	11959
Union Bank MGNREGS	6608	12558
Cash in Hand	-	99204
TOTAL	-	14804249

4-2 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഖണ്ഡിക	തിരികെ ഈടാക്കിയ തുക		ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നം./ തിയതി	ഏതു ഫണ്ടിൽ തിരിച്ചടച്ചു	ചലാൻ നം./ തിയതി
		വരവ് നഷ്ടം	ചെലവ് നഷ്ടം				
1999-00	3(7)	---	100347	എ.സുബ്രഹ്മണ്യൻ, ഓവർസിയർ, പി.ഡബ്ല്യൂ.ഡി സെക്ഷൻ, മണ്ണാർക്കാട്	11202101685/ 27.7.12 - 80000/-രൂപ	തനതു ഫണ്ട്	
					11202102615/ 31.10.12 - 20347/-രൂപ	-ടി-	
ആകെ			100347				

4-3 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	68636373
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	63434463
വരവിനങ്ങളിലുള്ള നഷ്ടം	-
ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	114408
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	68070

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1		6356	ശ്രീമതി. സീന ജോസഫ്, ഭരണസമിതി അംഗം
		6356	ശ്രീമതി. നബീസ പട്ടവിൽ ഭരണസമിതി അംഗം
		6356	പ്രഭാകരൻ മൂച്ചിക്കൽ ഭരണസമിതി അംഗം
		6356	ശ്രീമതി.സുകുമാരി ചെട്ടിപ്പള്ളിയാലിൽ ഭരണസമിതി അംഗം
		6356	ശ്രീമതി.ബീന രാമകൃഷ്ണൻ ഭരണസമിതി അംഗം
		6356	ശ്രീമതി. അജിത ഭരണസമിതി അംഗം
		6356	ശ്രീ.റജി ജോസ് ഭരണസമിതി അംഗം
		6356	ശ്രീമതി. സതി രാമരാജൻ

		ഭരണസമിതി അംഗം
	6356	ശ്രീ.രാജേഷ് ഭരണസമിതി അംഗം
	6356	ശ്രീമതി. ശ്രീലേഖ അജയകുമാർ ഭരണസമിതി അംഗം
	6356	ശ്രീമതി. മിനിമോൾ.പി.എസ്. ഭരണസമിതി അംഗം
	6356	രാജൻ പുത്തൻവീട്ടിൽ ഭരണസമിതി അംഗം
	6356	ജോയ് ജോസഫ് ഭരണസമിതി അംഗം
	6356	നിർമ്മൽ പി. ഭരണസമിതി അംഗം
	6356	ശ്രീ.സി.എം.സിദ്ദിഖ് ഭരണസമിതി അംഗം
	6356	ശ്രീ.സി.ടി.മുഹമ്മദാലി ഭരണസമിതി അംഗം
	6356	ശ്രീ.ഷംസുദ്ദീൻ ഭരണസമിതി അംഗം
	6356	ശ്രീമതി. ഗീത ഹരിദാസൻ ഭരണസമിതി അംഗം
ആകെ	114408	-

സി) തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തടസ്സപ്പെടുത്തിയ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-2	68070	ഡോ..റഹിമബീഗം.സി മെഡിക്കൽഓഫീസർ,PHC
ആകെ	68070	

ഡി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക വിലാസം	സ്ഥിരം വിലാസം
ശ്രീമതി. സീന ജോസഫ്	മെമ്പർ, വാർഡ് 5 കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്	മൈലംവേലിൽ വീട്, പൊറ്റശ്ശേരി (പി.ഒ.), കാഞ്ഞിരം
ശ്രീമതി. നബീസ പട്ടുവിൽ	മെമ്പർ, വാർഡ് 1 കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്	പട്ടുവിൽ വീട്, നരിയംകോട്, വിയ്യക്കുറുശ്ശി (പി.ഒ.)
പ്രഭാകരൻ മൂച്ചിക്കൽ	മെമ്പർ, വാർഡ് 2 കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്	മൂച്ചിക്കൽ വീട്, പൊറ്റശ്ശരി (പി.ഒ.)
ശ്രീമതി.സുകുമാരി ചെട്ടിപ്പള്ളിയാലിൽ	മെമ്പർ, വാർഡ് 3 കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്	ചെട്ടിപ്പള്ളിയാലിൽ വീട്, പൊറ്റശ്ശേരി (പി.ഒ.)
ശ്രീമതി.ബീന രാമകൃഷ്ണൻ	മെമ്പർ, വാർഡ് 4 കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്	കൊല്ലംപുറത്ത് വീട്, പൊറ്റശ്ശേരി (പി.ഒ.)
ശ്രീമതി. അജിത	മെമ്പർ, വാർഡ് 6 കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്	പാട്ടുപാറയിൽ വീട്, പൂഞ്ചോല(പി.ഒ.)
ശ്രീ.റജി ജോസ്	മെമ്പർ, വാർഡ് 7 കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്	നാഗനൂലിൽ വീട്, ഇരുമ്പകഞ്ചോല (പി.ഒ.)
ശ്രീമതി. സതി രാമരാജൻ	മെമ്പർ, വാർഡ് 8 കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്	തെക്കേതിൽ വീട്, കാഞ്ഞിരപ്പുഴ (പി.ഒ.)
ശ്രീ.രാജേഷ്	മെമ്പർ, വാർഡ് 9 കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്	നെല്ലിക്കുന്നു വീട്, കാഞ്ഞിരപ്പുഴ (പി.ഒ..)
ശ്രീമതി. ശ്രീലേഖ അജയകുമാർ	മെമ്പർ, വാർഡ് 10 കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്	മച്ചിങ്ങൽ വീട്, കാഞ്ഞിരപ്പുഴ(പി.ഒ.)
ശ്രീമതി. മിനിമോൾ.പി.എസ്.	മെമ്പർ, വാർഡ് 11 കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്	തയ്യിൽ വീട്, കാഞ്ഞിരപ്പുഴ (പി.ഒ.)
രാജൻ പുത്തൻവീട്ടിൽ	മെമ്പർ, വാർഡ് 12 കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്	പുത്തൻ വീട്ടിൽ, പൊറ്റശ്ശേരി (പി.ഒ.)
ജോയ് ജോസഫ്	മെമ്പർ, വാർഡ് 13 കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്	ഞാറക്കുളം വിട്, കാഞ്ഞിരപ്പുഴ (പി.ഒ.)
നിർമ്മൽ പി.	(രാജി വെച്ചു)	മണങ്ങാട്ടിൽ വീട്, പൊറ്റശ്ശേരി (പി.ഒ.)
ശ്രീ.സി.എം.സിദ്ദിഖ്	മെമ്പർ, വാർഡ് 15 കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്	ചേലോട്ടിൽ വീട്, തൃക്കളൂർ (പി.ഒ.)
ശ്രീ.സി.ടി.മുഹമ്മദാലി	മെമ്പർ, വാർഡ് 17 കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്	ചിരത്തടയൻ വീട്, തൃക്കളൂർ (പി.ഒ)
ശ്രീ.ഷംസുദ്ദീൻ	മെമ്പർ, വാർഡ് 18 കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്	ചിലമ്പോടത്ത് ഹൗസ്, വിയ്യക്കുറുശ്ശി (പി.ഒ.)

ശ്രീമതി. ഗീത ഹരിദാസൻ	മെമ്പർ, വാർഡ് 19 കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്	കേശവപ്പുറത്ത് വീട്, വിയ്യക്കുറിശ്ശി (പി.ഒ.)

ജി) ഓഡിറ്റ് സംഗ്രഹം

ഓഡിറ്റിനോടനുബന്ധിച്ച് 11 എൻക്വയറികൾ നല്കിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചു.ഫയലുകൾ ലഭ്യമാക്കുന്നതിലും ഓഡിറ്റിനോടനുബന്ധിച്ച് നടത്തിയ സ്ഥല പരിശോധനയിലും ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും സജീവ പങ്കാളിത്തം ഉണ്ടായിരുന്നു.

4-4 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	റിമാർക്സ്
1996-97 (വരവ്)	LF.P9.548/2007/28.7.2008	പുനരഭിപ്രായ കുറിപ്പ്
1996-97 (ചെലവ്)	LF.P9.764/97/5.6.2000	ഓഡിറ്റ് റിപ്പോർട്ട്
1997-98	LF.P9.921/2002/7.1.2003	ഓഡിറ്റ് റിപ്പോർട്ട്
1998-99	LF.P9.1076/08/13.10.2009	പുനരഭിപ്രായ കുറിപ്പ്
1999-00	-	-
2000-01	LF.P9.2146/11/2.1.2011	പുനരഭിപ്രായ കുറിപ്പ്
2001-02	LF.P9.834/07/29.7.08	പുനരഭിപ്രായ ക്കുറിപ്പ്
2002-03	LF.P9/448/11/23.3.11	പ്രാദേശിക പരിശോധന
2003-04	LF.P9/216/11/7.6.11	പുനരഭിപ്രായ കുറിപ്പ്-തുടർനടപടികൾ
2004-05	LF.P9.862/2009/24.1.11	പുനരഭിപ്രായ കുറിപ്പ്
2005-06	LF.P9.896/2010/15.9.2010	പുനരഭിപ്രായ കുറിപ്പ്
2006-07		
2007-08	LF.P9.1256(1)/12/17.12.12	സർചാർജ് ശുപാർശ
2008-09	LF.P9.1253/12/17.12.12	പുനരഭിപ്രായ കുറിപ്പ്
2009-10	LF.P9.939/13/23.11.13	ഓഡിറ്റ് റിപ്പോർട്ട്
2010-11		
2011-12	LF.P9.247/14/19.3.14	ഓഡിറ്റ് റിപ്പോർട്ട്

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4-5 ചാർജ് / സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

എ) ചാർജ് / സർചാർജ് നോട്ടീസ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം

ഒന്നുമില്ല

ബി) ചാർജ് / സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ / ഈടാക്കിയ തുകയുടെ വിവരം

ഒന്നുമില്ല.

ഡെപ്യൂട്ടി ഡയറക്ടർ